# CAREER Updates
# പത്രവൃത്താന്തം

02.04.2024 (ചൊവ്വ)



➪ 2024 ഏപ്രിലിൽ പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോയുടെ പ്രിൻസിപ്പൽ ഡയറക്ടർ ജനറലായി ചുമതലയേറ്റ വനിത

✔ ഷെയ്ഫാലി ബി. ശരൺ

- പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോയുടെ പ്രിൻസിപ്പൽ ഡയറക്ടർ ജനറലായി സേവനമനുഷ്ഠിച്ചിരുന്ന മനീഷ് ദേശായി സ്ഥാനമൊഴിഞ്ഞതോടെയാണ് ഷെയ്ഫാലി ബി. ശരൺ ഈ സ്ഥാനത്തേക്ക് നിയമിക്കപ്പെട്ടത്. കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലാണ് പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോ പ്രവർത്തിക്കുന്നത്.
- 2014-ന് ശേഷം പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോയുടെ തലപ്പത്തെത്തുന്ന ആദ്യ വനിതാ ഓഫീസറാണ് ഷെയ്ഫാലി ബി. ശരൺ. ഇന്ത്യൻ ഇൻഫർമേഷൻ സർവീസ് 1990 ബാച്ച് ഉദ്യോഗസ്ഥയാണ് ഇവർ.

➪ 2024 ഏപ്രിലിൽ ഏഷ്യൻ അത്‌ലറ്റിക് കൗൺസിലിന്റെ അത്‌ലറ്റിക്സ് കമ്മിഷൻ അംഗമായി നിയമിതയായ ഇന്ത്യൻ വനിത

✔ ഷൈനി വിൽസൺ

- പി.ടി. ഉഷ അംഗമായിരുന്ന അത്‌ലറ്റിക് കമ്മിഷന്റെ കാലാവധി പൂർത്തിയായതിനെ തുടർന്ന് പുനഃസംഘടിപ്പിക്കപ്പെട്ട പുതിയ സമിതിയിലെ ഇന്ത്യയിൽ നിന്നുള്ള ഏക അംഗമാണ് ഷൈനി വിൽസൺ.
- ഖത്തർ സ്വദേശി മുഹമ്മദ് സുലൈമാൻ അധ്യക്ഷനായ അത്‌ലറ്റിക് കമ്മിഷനിൽ ഷൈനി വിൽസൺ അടക്കം 8 അംഗങ്ങളാണുള്ളത്.

➪ ഖത്തർ ലീഗ് ഫുട്ബോളിൽ കളിക്കുന്ന ആദ്യ ഇന്ത്യൻ വംശജൻ എന്ന ചരിത്രനേട്ടം സ്വന്തമാക്കിയ മലയാളി ഫുട്ബോൾ താരം

✔ തഹ്സിൻ മുഹമ്മദ് ജംഷിദ്

➪ 2024 ഏപ്രിലിൽ ആകാശവാണി ഡയറക്ടർ ജനറലായി നിയമിതയായ വനിത

✔ മൗഷമി ചക്രവർത്തി

- ആകാശവാണിയുടെ നിലവിലെ ഡയറക്ടർ ജനറൽ വസുധ ഗുപ്ത വിരമിക്കുന്ന ഒഴിവിലേക്കാണ് പുതിയ നിയമനം.

➪ 2024 ഏപ്രിലിൽ അന്തരിച്ച കേരള ക്രിക്കറ്റ് ടീമിന്റെ മുൻ ക്യാപ്റ്റൻ

✔ പാലിയത്ത് രവിയച്ചൻ

- കേരള ക്രിക്കറ്റിലെ ആദ്യ പെർഫെക്ട് ഓൾ റൗണ്ടറായിരുന്ന പാലിയത്ത് രവിയച്ചൻ രണ്ട് തവണ കേരള ക്രിക്കറ്റ് ടീമിന്റെ ക്യാപ്റ്റനായിട്ടുണ്ട്.

➪ കേന്ദ്ര സാഹിത്യ അക്കാദമിയുടെ വിശിഷ്ടാംഗത്വ പദവിയിൽ നിന്ന് അടുത്തിടെ രാജിവച്ച പ്രശസ്ത മലയാള സാഹിത്യകാരൻ

✔ സി. രാധാകൃഷ്ണൻ

➪ റിസർവ് ബാങ്കിന്റെ 90-ാം വാർഷികത്തോടനുബന്ധിച്ച് 90 രൂപയുടെ പ്രത്യേക നാണയം ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദി പുറത്തിറക്കിയത് എന്നാണ്?

✔ ഏപ്രിൽ 1, 2024

➪ പുരുഷ ടെന്നീസിലെ പ്രായമേറിയ ഒന്നാം റാങ്കുകാരൻ എന്ന റെക്കോഡ് നേടിയ സെർബിയൻ താരം

✔ നൊവാക് ജോക്കോവിച്ച്

- അടുത്തിടെ പുറത്തിറങ്ങിയ എ.ടി.പി. റാങ്കിംഗിൽ ഒന്നാം സ്ഥാനം നിലനിർത്തിയതോടെയാണ് നൊവാക് ജോക്കോവിച്ച് പുരുഷ ടെന്നീസിലെ പ്രായമേറിയ ഒന്നാം റാങ്കുകാരനായി മാറിയത്. ഇന്ത്യൻ താരം റോജർ ഫെഡററുടെ റെക്കോഡ് ആണ് ജോക്കോവിച്ച് മറികടന്നത്.

➪ അരുണാചൽ പ്രദേശിന് 'സാങ്നാൻ' എന്ന് പേര് നൽകിയ ഇന്ത്യയുടെ അയൽരാജ്യം ഏതാണ്?

✔ ചൈന

➪ ടിന്റി-20 ക്രിക്കറ്റിൽ 300 പുറത്താക്കലുകൾ നടത്തിയ ആദ്യ വിക്കറ്റ് കീപ്പർ എന്ന നേട്ടം കൈവരിച്ചത്

✔ എം.എസ്. ധോണി

➪ ജി-മെയിൽ നിലവിൽ വന്നതിന്റെ ഇരുപതാം വാർഷികം എന്നാണ്?

✔ ഏപ്രിൽ 1, 2024

- 2004 ഏപ്രിൽ 1-നാണ് ഗൂഗിൾ സ്ഥാപകരായ ലാറി പേജും സെർജി ബ്രിന്നും ചേർന്ന് ജി-മെയിൽ അവതരിപ്പിച്ചത്.

➪ അടുത്തിടെ കഞ്ചാവിന്റെ ഉപയോഗം നിയമവിധേയമാക്കിയ യൂറോപ്യൻ രാജ്യം

✔ ജർമ്മനി

- കഞ്ചാവിന്റെ ഉപയോഗം നിയമ വിധേയമാക്കിയ ഏറ്റവും വലിയ യൂറോപ്യൻ രാജ്യമാണ് ജർമ്മനി.

CAREER GUIDANCE BUREAU

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ 8590 333 999